(സി) നബാർഡ്-ആർ.ഐ.ഡി.എഫ്-X ൽ ഉൾപ്പെടുത്തി തിരുവനന്തപുരം മെഡിക്കൽ കോളേജ് കാമ്പസിന്റെ സമഗ്രമായ പൈതൃക ഡവലപ്മെന്റ് സെന്ററിന് 826.64 ലക്ഷം രൂപയും ആർ.ഐ.ഡി.എഫ് XII-ഉൾപ്പെടുത്തി ആലപ്പുഴ മെഡിക്കൽ കോളേജിന് 2164.31 ലക്ഷം രൂപയും തൃശൂർ മെഡിക്കൽ കോളേജിന് 10 ലക്ഷം രൂപയും കോട്ടയം മെഡിക്കൽ കോളേജിന് 1657.37 ലക്ഷം രൂപയും ധനസഹായമായി ഇതിനകം ലഭിച്ചിട്ടുണ്ട്. ആർ.ഐ.ഡി.എഫ് XV- ൽ ഉൾപ്പെടുത്തി (2009-10-ൽ) കോട്ടയം ഡെന്റൽ കോളേജിൽ അക്കാഡമിക് ബ്ലോക്ക് പണിയുന്നതിന് 725.25 ലക്ഷം രൂപ ആലപ്പുഴ മെഡിക്കൽ കോളേജിൽ മെൻസ് ഹോസ്റ്റൽ നിർമ്മിക്കുന്നതിന് 650.25 ലക്ഷം രൂപ എന്നിവയുടെ എസ്റ്റിമേറ്റ് നബാർഡ് അംഗീകരിച്ചിട്ടുണ്ട്. എസ്റ്റിമേറ്റിന്റെ 85% തുകയാണ് നബാർഡ് ലോൺ അനുവദിക്കുന്നത്.

ആശുപത്രികളുടെ കെട്ടിട നിർമ്മാണം

13 (6163) ശ്രീ. വി. ഡി. സതീശൻ :
ശ്രീ. ജി. കാർത്തികേയൻ :
ശ്രീ. റ്റി. എൻ. പ്രതാപൻ :
ശ്രീ. എ. എ. ഷുക്കൂർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ?

(എ) സംസ്ഥാനത്തെ പൊതുആരോഗ്യ മേഖലയുടെ വികസന പ്രവർത്തനങ്ങളുടെ ഭാഗമായി സർക്കാർ ഇപ്പോൾ എത്ര ആശുപത്രികളുടെ കെട്ടിട നിർമ്മാണങ്ങളാണ് നടത്തിവരുന്നത് ;

(ബി) ഓരോ ആശുപത്രി കെട്ടിടങ്ങളുടെയും നിർമ്മാണ പ്രവർത്തനം എന്നാണ് ആരംഭിച്ചത് എന്ന് വെളിപ്പെടുത്തുമോ ;

(സി) ഇവയിൽ ഏതൊക്കെ ആശുപത്രി കെട്ടിടങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾ ഈ വർഷം പൂർത്തീകരിക്കാൻ കഴിയും എന്ന് അറിയിക്കുമോ ;

(ഡി) വിവിധ ഘട്ടങ്ങളിൽ നിർമ്മാണത്തിലിരിക്കുന്ന ഈ ആശുപത്രി കെട്ടിടങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് ഈ വർഷം എത്ര കോടി രൂപയാണ് ബഡ്ജറ്റ് വിഹിതമായി വകയിരുത്തിയിട്ടുള്ളത് ;

(ഇ) ഈ ആശുപത്രി കെട്ടിടങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് എന്തൊക്കെ സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളത് എന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) - (ഇ) വിവരം ശേഖരിച്ചു നൽകുന്നതാണ്.

എറണാകുളം ഡി.എം.ഒ. ഓഫീസ് കെട്ടിടം

14 (6164) ശ്രീ. സി. എം. ദിനേശ് മണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എറണാകുളം ഡി. എം. ഒ ഓഫീസ് സ്വന്തം കെട്ടിടത്തിലല്ല പ്രവർത്തിക്കുന്നതെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly